**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 444** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** 2021 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ വ്യവസായ വകുപ്പിന്റെ കീഴിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും , 2021-22 മുതൽ 2025-26 വരെയുള്ള ബജറ്റുകളിൽ വ്യവസായ വകുപ്പിന് 20% തുക വകയിരുത്തിയ പദ്ധതികളിൽ ഭരണാനുമതി ലഭിക്കാത്ത പദ്ധതികളുടെ പേര്, അനുവദിച്ച തുക, ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പേര്, അനുവദിച്ച തുക, ഉത്തരവ് നമ്പരും തീയതിയും പട്ടിക തിരിച്ചു ലഭ്യമാക്കാമോ?

**<u>മറുപടി:</u>** 2021 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ വ്യവസായ വകുപ്പിന്റെ കീഴിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതോ നടപ്പിലാക്കിയതോ ആയ പദ്ധതി/സ്കീം നിലവിലില്ല. എന്നാൽ, വ്യവസായ വകുപ്പ് സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളാണ് കുന്നത്തുനാട് നിയോജകമണ്ഡലത്തിലും നടപ്പാക്കി വരുന്നത്.

2021-22 മുതൽ 2026 മെയ് 31 വരെയുള്ള കാലയളവിൽ ആരംഭിച്ചതും നടപ്പാക്കി വരുന്നതുമായ സ്കീമുകളുടെ വിവരങ്ങളും കുന്നത്തുനാട് മണ്ഡലവുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയുടെ കണക്കുകളും അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നമ്പർ | സ്കീമുകളുടെ പേര് | സ്കീമുകളുട സർക്കാർ ഉത്തരവ്; തീയതി | അനുവദിച്ച തുക | Remarks |
|---|---|---|---|---|
| 1. | One Family One Enterprise Scheme (OFOE Scheme) | G.O (Rt) No. 747/2022/ID, 22/07/2022 | 4,62,932/- | |
| 2. | MSME Insurance Scheme | G.O (Rt) No. 940/2023/ID, 15/09/2023 | 1,26,255/- | |
| 3. | Mission 1000 | G.O (Rt) No. 439/2023/ID, 20/05/2023 | -- | ധന സഹായം ഒന്നും അനുവദിച്ചിട്ടില്ല |
| 4. | Campus Industrial Park | G.O (Ms) No. 16/2024/ID, 29/02/2024 | -- | ധന സഹായം ഒന്നും അനുവദിച്ചിട്ടില്ല |
| 5. | Private Industrial Estate | G.O (Ms) No. 31/2022/ID, 02/04/2022 | -- | ധന സഹായം ഒന്നും അനുവദിച്ചിട്ടില്ല |

ഇയർ ഓഫ് എന്റർപ്രൈസസ്, RAMP എന്നീ പദ്ധതികൾ കുന്നത്തുനാട് മണ്ഡലത്തിന് കീഴിൽ നടപ്പാക്കിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- **<u>ഇയർ ഓഫ് എന്റർപ്രൈസസ് 1.0 (കുന്നത്തുനാട് മണ്ഡലം മാത്രം)</u>**

  ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം - 80,000/- രൂപ

  ലോൺ ലൈസെൻസ് സബ്സിഡി മേള - 40,000/-രൂപ

  എന്റർപ്രണർഷിപ്പ് അവെയർനെസ്സ് പ്രോഗ്രാം -24,000/- രൂപ

- **<u>ഇയർ ഓഫ് എന്റർപ്രൈസസ്2.0 (കുന്നത്തുനാട് മണ്ഡലം മാത്രം)</u>**

  ജനറൽ ഓറിയെന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം -40,000/- രൂപ

  ലോൺ ലൈസെൻസ് സബ്സിഡി മേള - 40,000/-രൂപ

  എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ - 24,000/- രൂപ

  എന്റർപ്രണർഷിപ്പ് അവെയർനെസ്സ് പ്രോഗ്രാം -16,000/- രൂപ

- **<u>ഇയർ ഓഫ് എന്റർപ്രൈസസ് 3.0 (കുന്നത്തുനാട് മണ്ഡലം മാത്രം)</u>**

  ജനറൽ ഓറിയെന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം - 40,000/- രൂപ

സംരംഭക സഭ - 40,000/- രൂപ

എന്റർപ്രണർഷിപ്പ് അവെയർനെസ്സ് പ്രോഗ്രാം –16,000/- രൂപ

- **ഇയർ ഓഫ് എന്റർപ്രൈസസ്4.0 (RAMP) (കുന്നത്തുനാട് മണ്ഡലം)**

ജനറൽ ഓറിയെന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം -32,000/- രൂപ

മേൽപ്പറഞ്ഞവ കൂടാതെ ബാങ്കേഴ്സ് മീറ്റ്, MSME ക്ലിനിക്ക്, എക്സ്പോർട്ട് വർക്ക്ഷോപ്പ് എന്നീ പരിപാടികൾ താലൂക്ക് തലത്തിൽ നടത്തിയിട്ടുണ്ട്.

Section officer.